# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/257/2018** **2018 നവംബർ 30**

## എം.ജി. വാർത്താക്കുറിപ്പ്

### അപേക്ഷ തീയതി

കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (2017 അഡ്മിഷൻ റഗുലർ - സി.എസ്.എസ്.) പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ മൂന്നു വരെയും 500 രൂപ പിഴയോടെ അഞ്ചുവരെയും 1000 രൂപ സൂപ്പർഫൈനോടെ ആറു വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 600 രൂപയും (പേപ്പറൊന്നിന് 100 രൂപ, മാർക്ക് ലിസ്റ്റ് ഫീസ് 100 രൂപ) സപ്ലിമെന്ററി വിദ്യാർഥികൾ പേപ്പറൊന്നിന് 150 രൂപയും മാർക്ക് ലിസ്റ്റ് ഫീസായി 100 രൂപയും അടയ്ക്കണം.

### പി.എച്ച് .ഡി. നൽകി

കൊമേഴ്സിൽ സന്ധ്യ പി. പിള്ള, ദീപ മാത്യു, എടക്കോട്ട് ഷാജി, പി. രഞ്ജിത് മോഹൻ, സോഷ്യൽ വർക്കിൽ എ. അനിത, സോഷ്യോളജിയിൽ എൻ.പി. ലിബിയ ഗ്ലാഡിസ്, മലയാളത്തിൽ എൽ.ആർ. ശ്രീകല, എ.സി. ഷീബ, ഇക്കണോമിക്സിൽ പി.യു. നിഷാന്തി, ബിജി കെ. സെബാസ്റ്റ്യൻ, പാർവതി സുനൈന, ടി.എൽ. ശ്രീകുമാർ, ഡെവലപ്മെന്റ് സ്റ്റഡീസിൽ ആൻസി ജോസഫ്, സോഷ്യോളജിയിൽ എം.വി. മഞ്ജിമ, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ആർ. ആഷിത, ഹിന്ദിയിൽ റ്റി. സിമി എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

### പരീക്ഷഫലം

2018 ഏപ്രിലിൽ നടത്തിയ ഒന്നാം വർഷ ബാച്ചിലർ ഓഫ് മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം 2015 അഡ്മിഷൻ/പഴയ സ്കീം 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ അപേക്ഷിക്കാം.

2018 മേയിൽ നടത്തിയ രണ്ടാം വർഷ ബാച്ചിലർ ഓഫ് മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം 2015 അഡ്മിഷൻ/പഴയ സ്കീം 2008-2010 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ അപേക്ഷിക്കാം.

### അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ- 2018 അഡ്മിഷൻ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്/ഇംപ്രൂവ്മെന്റ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഏഴു മുതൽ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ്.സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു/ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഏഴു മുതൽ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## മലയാള നാടകവേദിയുടെ പ്രതാപം ഇല്ലാതായി: പ്രൊഫ. എം. തോമസ് മാത്യു

മലയാള നാടകവേദിയുടെ പഴയ പ്രതാപം ഇല്ലാതായതായും നല്ല നാടകകൃതികള്‍ രംഗത്തെത്തുന്നില്ലെന്നും പ്രൊഫ. എം. തോമസ് മാത്യു പറഞ്ഞു. മഹാത്മാ ഗാന്ധി സര്‍വകലാശാല സ്കൂള്‍ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച പ്രൊഫ. ആര്‍. നരേന്ദ്രപ്രസാദിന്റേതെന്ന് അനുസ്മരണ സമ്മേളനത്തില്‍ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വലിയ ദുഃഖങ്ങളും സന്തോഷവും അരങ്ങിലെത്തിച്ചിരുന്ന നാടകങ്ങള്‍ കാണാനുള്ള മനസ്സ് മലയാളിക്ക് നഷ്ടപ്പെട്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കലാസാംസ്കാരികരംഗത്ത് എന്നപോലെ തന്നെ അക്കാദമിക മേഖലയിലും മികവാര്‍ന്ന സംഭാവനകളാണ് പ്രൊഫ. ആര്‍. നരേന്ദ്രപ്രസാദ് സംഭാവന ചെയ്തതെന്ന് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത വൈസ് ചാന്‍സലര്‍ പ്രൊഫ. സാബു തോമസ് പറഞ്ഞു. സിന്‍ഡിക്കേറ്റംഗവും ഡയറക്ടറുമായ പ്രൊഫ. കെ.എം. കൃഷ്ണന്‍ അധ്യക്ഷത വഹിച്ചു. കെ.ബി. പ്രസന്നകുമാര്‍ അനുസ്മരണ പ്രഭാഷണം നടത്തി. സിദ്ധാര്‍ത്ഥ് ശിവ, വിഷ്ണുപ്രിയ എന്നിവര്‍ പ്രസംഗിച്ചു.

## എസ്.എ.സി.സി.പി. ത്രിദിന ശില്പശാലയ്ക്ക് തുടക്കം

എം.ജി. സര്‍വകലാശാല സ്കൂള്‍ ഓഫ് ബയോസയന്‍സസിന്റെ ആഭിമുഖ്യത്തില്‍ 'ഹസാര്‍ഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കല്‍ കണ്‍ട്രോള്‍ പോയിന്റ്'(എസ്.എ.സി.സി.പി.) എന്ന വിഷയത്തില്‍ സംഘടിപ്പിക്കുന്ന ത്രിദിന ശില്പശാലയ്ക്ക് തുടക്കം. വൈസ് ചാന്‍സലര്‍ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിര്‍വഹിച്ചു. ഡയറക്ടര്‍ പ്രൊഫ. കെ. ജയചന്ദ്രന്‍ അധ്യക്ഷത വഹിച്ചു. സിന്‍ഡിക്കേറ്റംഗം ഡോ. ആര്‍. പ്രഗാഷ് മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. എം.എസ്. ജിഷ, പ്രൊഫ. ടി.ആര്‍. കീര്‍ത്തി എന്നിവര്‍ പ്രസംഗിച്ചു. വിദേശത്തും സ്വദേശത്തുമുള്ള ഭക്ഷ്യസംസ്കരണ വിപണനമേഖലയിലെ തൊഴില്‍ സാധ്യതയെക്കുറിച്ചും ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങളെക്കുറിച്ചും ശില്പശാലയില്‍ ചര്‍ച്ച നടക്കും.

## ഫോട്ടോ ക്യാപ്ഷന്‍

**എം.ജി. സര്‍വകലാശാല സ്കൂള്‍ ഓഫ് ബയോസയന്‍സസിന്റെ ആഭിമുഖ്യത്തില്‍ 'ഹസാര്‍ഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കല്‍ കണ്‍ട്രോള്‍ പോയിന്റ്' (എസ്.എ.സി.സി.പി.) എന്ന വിഷയത്തില്‍ സംഘടിപ്പിക്കുന്ന ത്രിദിന ശില്പശാല വൈസ് ചാന്‍സലര്‍ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## ഫോട്ടോ ക്യാപ്ഷന്‍

**ബിരുദ പരീക്ഷകള്‍ ഓണ്‍ലൈന്‍ സംവിധാനത്തിലാക്കിയത് സംബന്ധിച്ച് പ്രസ്ക്ലബില്‍ വൈസ് ചാന്‍സലര്‍ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തില്‍ നടന്ന പത്രസമ്മേളനം. സിന്‍ഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചന്‍ ജോസഫ്, ഡോ. എ. ജോസ്, ഡോ. ആര്‍. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാര്‍, പരീക്ഷ കണ്‍ട്രോളര്‍ ഡോ. തോമസ് ജോണ്‍ മാമ്പറ എന്നിവര്‍ സമീപം**

**എ. അരുണ്‍ കുമാര്‍**
**പബ്ലിക് റിലേഷന്‍സ് ഓഫീസര്‍**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2018 നവംബർ 30

# വാർത്താസമ്മേളന കുറിപ്പ്

## ബിരുദപരീക്ഷകൾക്ക് ഓൺലൈൻ ചോദ്യക്കടലാസ് ഏർപ്പെടുത്തിയ രാജ്യത്തെ ആദ്യ സർവകലാശാലയായി എം.ജി.

### – ചോദ്യബാങ്കിലേക്ക് അധ്യാപകർക്കൊപ്പം വിദ്യാർഥികൾക്കും ചോദ്യങ്ങൾ നൽകാൻ അവസരമൊരുങ്ങുന്നു

ബിരുദ പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യക്കടലാസ് വിജയകരമായി നടപ്പാക്കിയ രാജ്യത്തെ ആദ്യ സർവകലാശാലയായി എം .ജി. നവംബർ 27 മുതൽ 196 കോളജുകളിൽ നടക്കുന്ന മൂന്നാംസെമസ്റ്റർ ബിരുദപരീക്ഷകൾ(സി.ബി.സി.എസ്. യു.ജി.) നടന്നത് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനത്തിലൂടെയാണ്. ഇത് വിജയകരമായി നടപ്പാ ക്കാനായി. 41000 വിദ്യാർഥികളാണ് ബിരുദതലത്തിലുള്ളത്. ബിരുദാനന്തരബിരുദ (പി.ജി.) പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യക്കടലാസ് വിജയകരമായി നടപ്പാക്കിയിരുന്ന . 133 കോളജുകളിലായി 8000 വിദ്യാർഥികളാണ് ബിരുദാനന്തരബിരുദത്തിനുള്ളത്. യു.ജി.സി., നാക്, എൻ.ബി.എ., എ.ബി.ഇ.റ്റി. എന്നിവ മികച്ച പ്രായോഗികപ്രവർത്തനം എന്ന നിലയിൽ നിർദേശിച്ച സംവിധാനമാണ് ഓൺലൈൻ ചോദ്യക്കടലാസ്.

### ഗുണനിലവാരമുയർത്തി ചോദ്യക്കടലാസ് തയാറാക്കൽ; വിദ്യാർഥികൾക്കും ചോദ്യം നൽകാം

ഒരു ദിവസം വിവിധ വിഷയങ്ങളിലുള്ള 70 ചോദ്യപേപ്പറുകളാണ് സർവകലാശാല പരീക്ഷ വിഭാഗം കോളജുകളിലേക്ക് നൽകു ന്നത്. ഒരു കോളജിന് വിവിധ ബിരുദ കോഴ് സുകളിലായി ശരാശരി 17 ചോദ്യക്കടലാസുകൾ ലഭിക്കും.

അധ്യാപകർ നൽകുന്ന ചോദ്യങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസും സർവകലാശാലയ്ക്കു പുറത്തുള്ള വിദഗ്ധസമിതിയും ഗുണനിലവാര പരിശോധന നടത്തിയാണ് ചോദ്യബാങ്കിൽ ഉൾപ്പെടുത്തുന്നത് . അധ്യാപകർക്കൊപ്പം വിദ്യാ ർഥികൾക്കും ചോദ്യബാങ്കിലേക്ക് ചോദ്യങ്ങൾ നൽകുന്നതിന് അവസരമൊരുങ്ങും. രണ്ടാംഘട്ടത്തിലാണ് വിദ്യാർഥികളിൽനിന്നുള്ള മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തുക.

ചോദ്യബാങ്കിൽ ഒരു വിഷയത്തിൽ മാത്രം ശരാശരി 600 ചോദ്യങ്ങൾ ഉണ്ടാകും . വിവിധ വിഷയങ്ങളിലായി പതിനായിരക്കണക്കിന് ചോദ്യങ്ങളാ ണ് ചോദ്യബാങ്കിലുണ്ടാവുക . ബ്ലൂമ്സ് ടാക്സോണമി, ആയാസനില എന്നിവ അനുസരിച്ചാണ് ചോദ്യക്കടലാസ് തയാറാക്കുക . വിദ്യാർഥികളുടെ സൃഷ്ടിപരത, വിശകലനകഴിവ്, വസ്തുനിഷ്ഠത എന്നിവയടക്കം പ്രോത്സാഹിപ്പിക്കുന്ന നിലയിലാണ് ചോദ്യങ്ങൾ തെരഞ്ഞെടുക്കുക.

ചോദ്യബാങ്കാണ് സെർവറിലുള്ളത് . ചോദ്യക്കടലാസായി സെർവറിൽ സൂക്ഷിക്കില്ല . പ്രത്യേക കമ്പ്യൂട്ടർ സോഫ്റ്റ് വേർ മുഖേന ആവശ്യാനുസരണം സെക്കൻഡുകൾക്കുള്ളിൽ റാൻഡം സെലക്ഷനിലൂടെയാണ് ചോദ്യങ്ങൾ തെരഞ്ഞെടുത്ത് ചോദ്യക്കടലാസ് തയാറാക്കുന്നത് . അതിനാൽ ചോദ്യങ്ങൾ ചോരില്ല . ഒരു വിഷയത്തിൽ മൂന്ന ചോദ്യക്കടലാസ് തയാറാക്കും . ഇതിൽനിന്ന് റാൻഡം സെലക്ഷനിലൂടെ കമ്പ്യൂട്ടർ സിസ്റ്റം തെരഞ്ഞെടുക്കുന്ന ചോദ്യക്കടലാസാണ് കോളജുകൾക്ക് നൽകുക . ഓരോ വർഷവും മികച്ച പുതിയ ചോദ്യങ്ങൾ ചോദ്യബാങ്കിൽ ഉൾപ്പെടുത്തും.

## ചോർച്ചയില്ല; അതീവ സുരക്ഷ

സെക്വർ ക്വസ്റ്റിയൻ പേപ്പർ സിസ്റ്റത്തിലൂടെ അതീവസുരക്ഷയൊരുക്കിയാണ് ചോദ്യക്കടലാസ് കൈകാര്യം ചെയ്യുന്നത് . സോഫ്റ്റ്വേർ തെരഞ്ഞെടുക്കുന്ന ചോദ്യങ്ങളടങ്ങിയ ചോദ്യക്കടലാസ് എൻക്രിപ്റ്റഡായാണ് തയാറാക്കപ്പെടുന്നത് . ചോദ്യപേപ്പർ ആർക്കും കാണാനും മനസിലാക്കാനും ആവാത്ത വിധത്തിൽ രഹസ്യകോഡിൽ (എൻക്രിപ്റ്റഡ്) എഴുതപ്പെടുന്നു. ചോദ്യം കൈമാറുന്നതിന് രണ്ടു മിനിറ്റു മുമ്പ് മാത്രമേ സെർവറിൽ ഇവ വരൂ എന്നതിനാൽ ഏതു രീതിയിൽ ശ്രമിച്ചാലും ചോദ്യപേപ്പർ മോഷ്ടിക്കാനാവില്ല. എൻക്രിപ്റ്റഡായ ചോദ്യക്കടലാസ് കോളജു കളിൽ ഡൗൺലോഡ് ചെയ്യുമ്പോൾ മാത്രമാണ് നിലവിലുള്ള ചോദ്യക്കടലാസിന്റെ രൂപത്തിൽ പി.ഡി.എഫ്. ആയി ലഭിക്കുക.

## ചോദ്യക്കടലാസ് കൈമാറ്റമിങ്ങനെ

സുരക്ഷയുടെ നാല് വൻമതിലുകളാണ് കോളജുകളിലേക്ക് ചോദ്യക്കടലാസ് നൽകുന്നതിലുള്ളത്.

1. **എസ്.എസ്.എൽ.:** സെക്വർ സോക്കറ്റ് സ് ലെയർ എന്ന സ്റ്റാൻഡാർഡ് സെക്യൂരിറ്റി പ്രോട്ടോക്കോൾ വഴിയാണ് ഓൺലൈൻ ഇടപാടുകൾ നടത്തുന്നത്. എൻക്രിപ്റ്റഡായാണ് ചോദ്യക്കടലാസ് നൽകുന്നത് എന്നതിനാൽ ഡൗൺലോഡ് ചെയ്യുമ്പോഴേ ശരിയായ രൂപം കൈവരൂ.

2. **ലോഗിൻ ഐഡിയും പാസ്‌വേഡും:** കോളജ് പ്രിൻസിപ്പലിന് വെബ്സൈറ്റിൽ ലോഗിൻ ചെയ്യാൻ പ്രത്യേക ഐ.ഡി.യും പാസ്‌വേഡും നൽകിയിട്ടുണ്ട്. ഇതുപയോഗിച്ചേ വെബ്സൈറ്റിൽ കയറാനാകൂ.

3. **ഡൗൺലോഡ് പാസ് വേഡ്:** വെബ്സൈറ്റിൽ കയറിയാലും ചോദ്യക്കടലാസ് ഡൗൺലോഡ് ചെയ്യുന്നതിന് പാസ് വേഡ് വേണം . ഇതുപയോഗിച്ചേ ഡൗൺലോഡിങ് നടക്കൂ . പാസ്‌വേഡ് നൽകിക്കഴിഞ്ഞാൽ അടുത്ത ഘട്ടത്തിലേക്ക് കടക്കണം.

4. **ഒ.റ്റി.പി.–** ഡൗൺലോഡ് സാധ്യമാകണമെങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിൽ ലഭിക്കുന്ന ഒറ്റത്തവണ പാസ് വേഡ് (ഒ.റ്റി.പി.) നൽകണം. ഒ.റ്റി.പി. ജനറേറ്റ് ചെയ്യുമ്പോഴേ പരീക്ഷയുടെ ലിങ്ക് ആക്ടിവേറ്റ് ആകൂ . ഡിജിറ്റലി ഒപ്പിട്ട ക്വസ്റ്റിയൻ പേ പ്പറാണ് ലഭിക്കുക . ചോദ്യപേപ്പറിൽ രണ്ടു ബാർ കോഡുകൾ ഉണ്ടാവും . വൺ, ടു ഡയമെൻഷൻ ബാർകോഡുകളാണിവ . ഈ സുരക്ഷാ വഴികളിലൂടെയാണ് കോളജുകളിലേക്ക് ചോദ്യപേപ്പർ എത്തുന്നത്.

## കോളജുകളിൽ സി.സി.ടി.വി. നിരീക്ഷണം

പരീക്ഷ ചോദ്യക്കടലാസുകൾ പ്രിന്റ് എടുക്കുന്ന കോളജുകളിലെ മുറി നിരന്തരം സി.സി.ടി.വി. നിരീക്ഷണത്തിലായിരിക്കും. ഇതു കൂടാതെ രണ്ട് വീതം ഇന്റർനെറ്റ് കണക്ഷൻ, കമ്പ്യൂട്ടർ, പ്രിന്റർ, വൈദ്യുതി മുടങ്ങാതിരിക്കാനുള്ള ദ്വിതലസംവിധാനം എന്നിവ ഉറപ്പാക്കിയാണ് സംവിധാനം പ്രവർത്തിക്കുന്നത് . ചോദ്യക്കടലാസ് പ്രിന്റ് എടുക്കാനുള്ള സമയം ട്രയലിലൂടെ കണക്കാ ക്കി ഇതിനുള്ള സമയമനുസരിച്ചാണ് ചോദ്യക്കടലാസ് ഡൗൺലോഡിങിന് ലഭ്യമാക്കുക.

**ഗുണങ്ങൾ**

നിലവാരമാർന്ന പാഠ്യപദ്ധതി പരിഷ് ക്കരണത്തിന് ഗുണകരമാകുന്ന രീതിയിലാണ് ചോദ്യബാങ്ക് തയാറാക്കപ്പെടുക. ഗുണനിലവാരമുള്ള ചോദ്യബാങ്കുകൾ നിലവാരമാർന്ന പാഠ്യപദ്ധതിക്ക് പ്രചോദനമേകും . ചോദ്യബാങ്ക് തയാറാക്കുന്നതിൽ അധ്യാപകർക്കൊപ്പം വിദ്യാർഥികൾക്കും അവസരമൊരുങ്ങുന്നത് രാജ്യത്ത് തന്നെ ആദ്യത്തേതാകും.

പരീക്ഷ നടത്തിപ്പ് , സിലബസ് മാറ്റം , സപ്ലിമെന്ററി പരീക്ഷകൾ എന്നിവ അനായാസമാക്കാൻ സംവിധാനം ഉപകരിക്കും.

പരീക്ഷ നടത്തിപ്പ് സുതാര്യമാകും. സർവകലാശാലയ്ക്ക് ഫലപ്രദമായി പരീക്ഷകൾ നടത്താൻ നേരിട്ട് ഇടപെടാൻ കഴിയും.

ചോദ്യക്കടലാസ് അച്ചടി, സൂക്ഷിക്കൽ, സുരക്ഷ എന്നിവയിൽ നേരിടുന്ന പ്രശ് നങ്ങൾ ഒഴിവാകുന്നു. ചോദ്യക്കടലാസ് ചോർച്ച, മാറിപ്പൊട്ടിക്കൽ മൂലം പരീക്ഷ മാറ്റിവയ്ക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാവില്ല.

വിവിധ മാതൃകയിലുള്ള സിലബസ് കേന്ദ്രീകൃതമായ ചോദ്യപേപ്പറുകൾ മികച്ച നിലവാരത്തിൽ തയാറാക്കാനാകും.

ഒരേ രീതിയിൽ ചോദ്യ ങ്ങൾ നിരന്തരം ആവർത്തിക്കില്ലെന്ന പ്രത്യേകതയുണ്ട് . സെലക്ടീവായ പഠനരീതി മാറ്റാൻ ഇത് ഉപകരിക്കും.

സർവകലാശാലയിലെ CETEX വിഭാഗമാണ് സാങ്കേതികസഹായം നൽകുന്നത്.

**വാർത്താസമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് , സിൻഡിക്കേറ്റംഗങ്ങളായ ഡോ . ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ് , ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, പരീക്ഷ കൺട്രോളർ ഡോ . തോമസ് ജോൺ മാമ്പറ എന്നിവർ പങ്കെടുത്തു.**

**സ്റ്റേറ്റ് എഡിഷനിൽ നൽകണമെന്ന് അഭ്യർഥിക്കുന്നു.**

**പി.ആർ.ഒ.**